**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 363** **08-08-2023 - ൽ മറുപടിയ്ക്ക്**

**അജൈവ മാലിന്യ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അജൈവ മാലിന്യവുമായി ബന്ധപ്പെട്ട് ക്ലീൻകേരള കമ്പനിക്കുള്ള കുടിശ്ശിക നിലനിൽക്കുന്നത് കാരണം മാലിന്യ സംസ്കരണത്തിൽ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മാലിന്യ സംസ്കരണം തടസ്സപ്പെടാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് അജൈവ മാലിന്യവുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക നിലനിൽക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താൽ മാലിന്യസംസ്കരണം തടസ്സപ്പെട്ടിട്ടില്ല. |
| (ബി) | മാലിന്യങ്ങൾ റോഡിൽ വലിച്ചെറിയുന്നത് തടയാൻ എന്തെല്ലാം പ്രതിരോധ മാർഗ്ഗങ്ങളാണ് പ്രാദേശിക തലത്തിൽ സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ ? | (ബി) | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെ പ്രവർത്തന മാർഗ്ഗരേഖ സ.ഉ(സാധാ)നം.673/2023/തസ്വഭവ തീയതി 21.03.2023 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസിരച്ച് ജില്ലകളിൽ രൂപീകരിച്ചിട്ടുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പാതയോരങ്ങളിലും പൊതു സ്ഥലങ്ങളിലും പിന്നാമ്പുറങ്ങളിലുമുള്ള അനധികൃത മാലിന്യ നിക്ഷേപങ്ങൾ, വലിച്ചെറിയൽ - നിക്ഷേപ കേന്ദ്രങ്ങൾ (ഗാർബേജ് വർനറബിൾ പോയിന്റുകൾ), കാനകൾ, തോടുകൾ, ജലാശയങ്ങൾ, വന പ്രദേശങ്ങൾ മുതലായവയിലുള്ള ഖരമാലിന്യ നിക്ഷേപങ്ങൾ, അനധികൃത ദ്രവ മാലിന്യ നിർഗ്ഗമന മാർഗ്ഗങ്ങൾ, നിക്ഷേപങ്ങൾ മുതലായവ കണ്ടെത്തി അവ നിർമ്മാർജ്ജനം ചെയ്യുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനും വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്/വകുപ്പുകൾക്ക് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ